## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4653** **23/07/2015-ൽ മറുപടിക്ക്**

# കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുത ബന്ധത്തിന്റെ വിനിയോഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകർ, ഈ സർക്കാർ കാലയളവിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ടെന്ന അറിയിക്കാമോ; | (എ) | 102,35,49,980/- രൂപ അടച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഇനത്തിൽ ചേർത്തല താലൂക്കിലുള്ള വൈദ്യുതി കണക്ഷനുകൾ എത്രയെന്ന് അറിയിക്കാമോ; വൈദ്യുതി കണക്ഷൻ ലഭിച്ചവർ കാലാകാലങ്ങളായി കൃഷി ചെയ്യുന്നവരാണോ എന്നും ഉല്പാദനം നടത്തുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനും വൈദ്യുതി വകുപ്പിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ; | (ബി) | ചേർത്തല താലൂക്കിലെ കാർഷിക കണക്ഷനുകളുടെ എണ്ണം 6013 ആണ്. കൃഷിവകുപ്പിൽ നിന്നുള്ള അനുമതി ലഭിച്ചതിനു ശേഷമാണ് കാർഷിക കണക്ഷനുകൾ നൽകുന്നത്. കാർഷിക കണക്ഷനുകൾ എടുത്തവർ വൈദ്യുതി ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥരും പ്രത്യേകം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരും പരിശോധന നടത്താറുണ്ട്. കൃഷി ആവശ്യത്തിന് ഉപയോഗിക്കാത്തതായി ശ്രദ്ധയിൽപ്പെടുന്ന കണക്ഷനുകളുടെ വിവരങ്ങൾ ശേഖരിക്കുകയും അതാത് കൃഷി ഓഫീസുകളിൽ അറിയിക്കുകയും കണക്ഷൻ വിച്ഛേദിക്കൽ അടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

(2)

| | |
|---|---|
| (സി) ഇവരിൽ കൃഷി അവസാനിപ്പിച്ചു എന്ന് ബോധ്യപ്പെട്ടതുമൂലവും വൈദ്യുതി മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് കണ്ടെത്തിയതു മൂലവും കണക്ഷൻ വിച്ഛേദിച്ചതും പിഴ ഈടാക്കിയതുമായ എത്ര കേസുകൾ സംസ്ഥാനത്താകമാനം ഉണ്ടെന്ന് അറിയിക്കാമോ? | (സി) 640 കേസുകൾ . |

**സെക്ഷൻ ഓഫീസർ**